(സി) പരിശോധനകൾ നടത്തുന്നതാണ്.

94 (529) കുനിയിൽ കടവ് പാലം

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കുനിയിൽ കടവ് പാലത്തിന് റിവൈസ്ഡ് എസ്റ്റിമേറ്റ് തുക എത്രയാണ് അംഗീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) പാലത്തിന്റെ പണി ആരംഭിച്ചപ്പോൾ എസ്റ്റിമേറ്റ് തുക അംഗീകരിച്ചത് എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പാലത്തിന്റെ പണി എപ്പോൾ പൂർത്തിയാവുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റിവൈസ്ഡ് എസ്റ്റിമേറ്റ് തുക അംഗീകരിക്കുന്നതു സംബന്ധിച്ച നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പാലത്തിന്റെ പണി ആരംഭിച്ചപ്പോൾ എസ്റ്റിമേറ്റ് തുക (ടി.എസ്) 295 ലക്ഷം രൂപയും എഗ്രിമെന്റ് പ്രകാരം അംഗീകരിച്ചത് 3,16,46,385 രൂപയുമാണ്.

(സി) ഈ പാലത്തിന്റെ പണി മാർച്ച് 2000-ൽ തീരുമെന്ന് പ്രതീക്ഷിക്കുന്നു.

95 (531) കടമപ്പുഴ പാലം പുതുക്കിപ്പണിയൽ

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കടമപ്പുഴ പാലം പുതുക്കിപ്പണിയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനുവേണ്ടി സപ്ലിമെന്ററി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

കടമപ്പുഴ പാലം പുതുക്കിപണിയുവാൻ 1996-ൽ ടെൻഡർ വിളിച്ചുവെങ്കിലും ബഡ്ജറ്റിൽ മതിയായ ഫണ്ട് ഇല്ലാത്തതിനാൽ ടെൻഡറിന് അനുവാദം കൊടുത്തില്ല. ഇക്കൊല്ലത്തെ സപ്ലിമെന്ററി ബഡ്ജറ്റിൽ ഈ പാലത്തിന് ഫണ്ട് ഒന്നും അനുവദിച്ചിട്ടില്ല.

96 (532) വാവടുക്കം പാലം പണി

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാവടുക്കം പാലം പണി സർക്കാരിന്റെ പരിഗണനയിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പാലം നിർമ്മാണത്തിന് 1999-2000 വർഷത്തെ ബജറ്റിൽ എത്ര തുക നീക്കി വച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) പാലം നിർമ്മാണം എന്തുകൊണ്ടാണ് അനിശ്ചിതമായി നീണ്ടു പോകുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പ്രസ്തുത പാലത്തിന് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്.

(ബി) 1999-2000 വർഷത്തെ ബഡ്ജറ്റിൽ 2 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. (item No. 93 on page 121 പ്രകാരം)

(സി) ഡിസൈൻ തയ്യാർ ചെയ്തു വരുകയാണ് ഡിസൈൻ തയ്യാറാക്കി സാങ്കേതികാനുമതിയും നൽകി ബഡ്ജറ്റിൽ മതിയായ തുക വകയിരുത്തിയ ശേഷം പണി തുടങ്ങാവുന്നതാണ്.

97 (533) ചേർപ്പ്-ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ പാലങ്ങളുടെ പണി

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർപ്പ്-ഇരിങ്ങാലക്കുട നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന കരുവന്നൂർ പാലം പുതുക്കി പണിയുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) കരാഞ്ചിറ പാലം, പഴുവിൽ പാലം എന്നിവയുടെ കാലപ്പഴക്കം കണക്കിലെടുത്ത് പുതുക്കി പണിയുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) താന്ന്യം പഞ്ചായത്തിലെ അഴിമാവിൽ പുതിയൊരു പാലം പണിയുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) കനോലി കനാലിൽ മുറ്റിച്ചൂർ കടവിൽ പാലം പണിയുന്നതിനുള്ള നിർദ്ദേശം സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്.

(ബി) പാലം പുതുക്കി പണിയുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധിച്ചു വരുന്നു.

(സി) പ്രസ്തുത പാലങ്ങളുടെ ഡിസൈനും, എസ്റ്റിമേറ്റും തയ്യാറാക്കേണ്ടതുണ്ട്. കൂടാതെ ബഡ്ജറ്റിൽ ആവശ്യമായ തുകയും വകയിരുത്തേണ്ടതുണ്ട്.

(ഡി) അഴിമാവ് കടവ് റോഡിൽ വരുന്ന പാലം പഞ്ചായത്തിന്റെ അധീനതയിലുള്ളതാണ്.

(ഇ) ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുന്നതിനുള്ള എസ്റ്റിമേറ്റ് ചീഫ് എൻജിനീയറുടെ ഓഫീസിൽ തയ്യാറാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly